കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം കോർപ്പറേഷൻ - ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 75 താൽക്കാലിക ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ മൂന്ന് മാസക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.==========================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1709/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 08.06.2015

==========================================================================

**പരാമർശം :** 1) കൊല്ലം നഗരസഭാ കൗൺസിലിന്റെ 16.02.2009-ലെ 20-ാം നമ്പർ, 26.11.2012-ലെ 15-ാം നമ്പർ തീരുമാനങ്ങൾ.

2) കൊല്ലം കോർപ്പറേഷൻ മേയറുടെ 01.06.2015-ലെ 38/15 നമ്പർ പ്രകാരമുള്ള അപേക്ഷ.

**ഉത്തരവ്**

കൊല്ലം കോർപ്പറേഷന്റെ വിസ്തൃതിക്കനുസരിച്ച് നിലവിലുള്ള ശുചീകരണ തൊഴിലാളികളുടെ എണ്ണം അപര്യാപ്തമായതിനാൽ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് 175 അധിക തസ്തികകൾ അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം കൊല്ലം കോർപ്പറേഷൻ മേയർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭാ കൗൺസിൽ തീരുമാനം പരിഗണിച്ച് 75 താൽക്കാലിക ജീവനക്കാരെ മൂന്നു മാസത്തേയ്ക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇതിലേയ്ക്കാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. താൽക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച്, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ

നിർദ്ദേശങ്ങൾ പാലിച്ചായിരിക്കണം പ്രസ്തുത നിയമനങ്ങൾ. മേൽപ്പറഞ്ഞ തൊഴിലാളികളെ കാലാവധി തീരുന്ന മുറയ്ക്ക് സേവനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ആർ. ഷാജീന്ദ്രൻ പിള്ള,
ജോയിന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ
മേയർ, കൊല്ലം കോർപ്പറേഷൻ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ